# മുഖ്യമേഖല 3



## പഠനപുരോഗതി, പഠനനേട്ടം, വികാസം

# മുഖ്യമേഖല 3

## പഠനപുരോഗതി, പഠനനേട്ടം, വികാസം

### ആമുഖം

കുട്ടിയുടെ സമഗ്രവികാസമാണ് ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. സമഗ്രവികാസമെന്നാൽ കുട്ടിയുടെ വൈജ്ഞാനിക, വൈകാരിക, സാമൂഹ്യ മേഖലകളിലെ വളർച്ചയാണ്. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ പ്രേരിപ്പിച്ചും പ്രോത്സാഹിപ്പിച്ചും നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ നടത്തിയുമാണ് ഒരു വിദ്യാലയം ഈ നേട്ടം കൈവരിക്കാൻ ശ്രമിക്കുന്നത്. കുട്ടിയുടെ വൈജ്ഞാനിക വികാസം മാത്രമല്ല വ്യക്തിവികാസവും സാമൂഹ്യസമായോജനവും ലക്ഷ്യമിടേണ്ടതുണ്ട്. പ്രതീക്ഷിത പഠനനേട്ടങ്ങൾ സാധ്യമാക്കുന്നതിനായി വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങളിൽ പരസ്പരം സഹവർത്തിച്ച് അറിവു നിർമിക്കുന്ന ക്ലാസ്മുറികളാണ് വിഭാവനം ചെയ്യുന്നത്.

## ചിന്തോദ്ദീപക ചോദ്യങ്ങൾ

1 പഠിതാവ് കൃത്യമായി വിദ്യാലയത്തിലെത്തുന്നുണ്ടോ?

2 വിദ്യാലയം എങ്ങനെയാണ് ഹാജർ വിലയിരുത്തുന്നത്? ക്ലാസ് നഷ്ടം നികത്തുന്നതിനു ള്ള ശ്രമമെന്ത്?

3 നഷ്ടപ്പെട്ട പ്രവൃത്തിസമയം നികത്തിയതിന് രേഖകൾ സൂക്ഷിച്ചിട്ടുണ്ടോ?

4 പഠനപ്രവർത്തനങ്ങളിൽ കുട്ടിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം?

5 വിദ്യാലയം ഏതു വിധത്തിലാണ് കുട്ടിയുടെ വിവിധ മേഖലകളിലെ കഴിവുകൾ കണ്ടെത്തുകയും വളർത്തിക്കൊണ്ടുവരുകയും ചെയ്യുന്നത്?

6 കുട്ടിയുടെ പഠനപുരോഗതി വിദ്യാലയം ഏതു രീതിയിലാണ് അളക്കുന്നത്? പാഠ്യപദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായി അവർ മുന്നേറുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതെങ്ങനെ?

7 കുട്ടിയുടെ പഠനനേട്ടം നിരന്തരമായി വിലയിരുത്തുന്നതിനുള്ള മാർഗങ്ങൾ എന്തെല്ലാം?

8 കുട്ടിയുടെ വ്യക്തിപരവും സാമൂഹ്യവുമായ വികാസം എങ്ങനെയാണ് ഉറപ്പുവരുത്തുന്നത്?

## വസ്തുതാപരമായ വിവരങ്ങൾ

(വിദ്യാലയങ്ങൾക്ക് ഒന്നിലേറെ കോളങ്ങളിൽ ടിക്ക് ചെയ്യാവുന്നതാണ്)

1. ഈ അധ്യയനവർഷത്തെ ശരാശരി ഹാജർ. ☐

2. ഹാജരും കൃത്യനിഷ്ഠയും പുലർത്തുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകാറുണ്ടോ?

   - ഉണ്ടെങ്കിൽ ഏതുതരത്തിൽ?

   ------------------------------------------------------------------

   ------------------------------------------------------------------

3. ഹാജരും കൃത്യനിഷ്ഠയും ഉറപ്പു വരുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾക്കായി വിദ്യാലയം സൂക്ഷിക്കുന്ന രേഖകൾ എന്തൊക്കെ? (പ്രസക്തമായവ ✓ ചെയ്യുക)

   a) രക്ഷിതാക്കളുടെ യോഗം വിളിച്ചുചേർക്കുന്നതിന്റെ രേഖകൾ ☐

   b) ഹാജരും കൃത്യനിഷ്ഠയും പാലിക്കാത്ത വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് അയയ്ക്കുന്ന കത്തുകൾ ☐

c) മറ്റുള്ളവ

---------------------------------------------------------------

---------------------------------------------------------------

i) ഹാജർ നില പാലിക്കാത്ത വിദ്യാർഥികളുടെ വീടുകൾ സന്ദർശിച്ചതിന്റെ രേഖകൾ (ഗൃഹസന്ദർശന രേഖ) ☐

ii) ആധുനിക സാങ്കേതികവിദ്യകൾ വഴിയുള്ള ബന്ധപ്പെടലിന്റെ രേഖകൾ ☐

d) രേഖകളൊന്നുമില്ല. ☐

4. വിദ്യാർഥികളുടെ ഹാജർപട്ടിക ദിനംപ്രതി കൃത്യതപ്പെടുത്താറുണ്ടോ?

5. ശരാശരി ഹാജർ

a) ഓരോ കുട്ടിയുടെയും പ്രതിമാസ ഹാജർ ശരാശരി കണക്കാക്കാറുണ്ടോ? ഉണ്ട് ☐ ഇല്ല ☐

b) ഓരോ ക്ലാസ്സിന്റെയും പ്രതിമാസഹാജർ ശരാശരി കണക്കാക്കാറുണ്ടോ? ഉണ്ട് ☐ ഇല്ല ☐

6. അധ്യാപകർക്ക് ക്ലാസ് എടുക്കാൻ പറ്റാത്ത സന്ദർഭങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ബദൽ ക്രമീകരണം.

a) ക്ലാസുകൾ കൂട്ടിച്ചേർത്ത് പഠിപ്പിക്കുക ☐

b) ഒഴിവുള്ള അധ്യാപകർ ക്ലാസ് എടുക്കുക ☐

c) ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നില്ല ☐

d) മറ്റുള്ളവ (വ്യക്തമാക്കുക)

---------------------------------------------------------------

---------------------------------------------------------------

7. കുട്ടികളുടെ വ്യക്തിശുചിത്വവും ആരോഗ്യവും പരിശോധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ടോ?

i) സ്കൂൾ അസംബ്ലിയിൽ വ്യക്തിശുചിത്വത്തെക്കുറിച്ച് സാന്ദർഭികമായി സൂചിപ്പിക്കാറുണ്ട്. ☐

ii) സ്കൂൾ അസംബ്ലിയിലോ ക്ലാസ്റൂമിലോ വച്ച് കുട്ടികളുടെ വ്യക്തിശുചിത്വം ദിവസേന പരിശോധിക്കാറുണ്ട്. ☐

iii) വിദ്യാലയ അസംബ്ലിയിൽ വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുകയും വിലയിരുത്തൽ നടത്തുകയും ചെയ്യാറുണ്ട്. ☐

iv) മറ്റെന്തെങ്കിലും (വ്യക്തമാക്കുക)

-----------------------------------------------------------------------------

-----------------------------------------------------------------------------

8. കുട്ടികളുടെ വ്യക്തിപരവും സാമൂഹ്യവുമായ വികാസത്തിന് എന്തെല്ലാം പ്രവർത്തനങ്ങ ളാണ് വിദ്യാലയത്തിൽ ചെയ്തുവരുന്നത്?

-----------------------------------------------------------------------------

-----------------------------------------------------------------------------

9. കുട്ടികളുടെ വ്യക്തിവികാസത്തിന്റെ ദിശാഗതി നിർണയിക്കുന്നതെങ്ങനെ?

1. ക്ലാസ്റൂം പ്രവർത്തനങ്ങൾ, കായിക-കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിച്ചുകൊണ്ട്. ☐
2. കുട്ടികളുടെ നേട്ടങ്ങൾ, പങ്കാളിത്തം എന്നിവയുടെ പട്ടിക സൂക്ഷിച്ചുകൊണ്ട്. ☐
3. ദിശാഗതി നിർണയിക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നില്ല. ☐
4. മറ്റെന്തെങ്കിലും (വ്യക്തമാക്കുക)

-----------------------------------------------------------------------------

-----------------------------------------------------------------------------

10. കുട്ടികളുടെ പഠനത്തെ സമയബന്ധിതമായി എങ്ങനെയെല്ലാമാണ് വിലയിരുത്തുന്നത് ? (ബാധകമായവ ✓ചെയ്യുക)

1. പ്രതിമാസ മൂല്യനിർണയം ☐
2. പാദവാർഷിക മൂല്യനിർണയം ☐
3. അർദ്ധവാർഷിക മൂല്യനിർണയം ☐
4. വാർഷികമൂല്യനിർണയം ☐
5. യൂണിറ്റ് വിലയിരുത്തൽ ☐

11. നിരന്തരവിലയിരുത്തൽ പ്രക്രിയ എങ്ങനെ?

1. പഠനപ്രവർത്തനങ്ങളിൽ കുട്ടിയുടെ പങ്കാളിത്തം വിലയിരുത്തുന്നു. ☐
2. പഠനസന്ദർഭങ്ങളിൽ കുട്ടിയുടെ പ്രതികരണം വിലയിരുത്തുന്നു. ☐
3. സഹപഠിതാക്കളുമായുള്ള സഹകരണവും സ്വീകരണവും പങ്കുവയ്ക്കലും വിലയിരുത്തുന്നു. ☐
4. ഉൽപന്നങ്ങളുടെ വിലയിരുത്തലിലൂടെ പഠനനേട്ടം ഉറപ്പാക്കുന്നു. ☐

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 1. പഠിതാക്കളുടെ ഹാജർ | അധ്യാപകൻ കൃത്യമായി പഠിതാക്കളുടെ ഹാജർ രേഖപ്പെടുത്തുന്നു.<br>ഇടയ്ക്കിടെ ഹാജരാകാത്ത വരെയും കൃത്യത പാലിക്കാത്തവരെയും തിരിച്ചറിയുന്നു. അത്തരം പഠിതാക്കളുടെ പേരുവിവരം രക്ഷിതാക്കളെ അറിയിക്കുന്നു.<br>പഠിതാക്കളുടെ ക്ലാസ് തിരിച്ചുള്ള ഹാജർ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. | കൃത്യമായി ഹാജരാകാത്ത പഠിതാക്കളെ സംബന്ധിച്ച് രക്ഷിതാക്കൾക്ക് വിവരം നൽകുന്നു. ഹാജരില്ലായ്മയുടെ കാരണം രക്ഷിതാക്കളുമായി ചർച്ച ചെയ്ത് കണ്ടെത്തുകയും പരിഹരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ആവശ്യമായ സന്ദർഭത്തിൽ ഭവന സന്ദർശനം നടത്തുന്നു. | പഠിതാക്കളുടെ ഹാജർ വിവരങ്ങൾ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് അപഗ്രഥിക്കുന്നു. പ്രാദേശികമോ മതപരമോ ആയ കാരണങ്ങൾ എസ്.എം.സി / പി.ടി.എ യുടെ സഹായത്തോടെ പരിഹരിക്കാൻ ശ്രമിക്കുന്നു. പഠിതാക്കളുടെ ഹാജർ പുരോഗതിക്ക് അംഗീകാരവും അഭിനന്ദനവും നൽകുന്നു.<br>പ്രതിമാസ പി.ടി.എ യോഗത്തിൽ ഹാജർ നില ചർച്ചചെയ്യുന്നു.മുഴുവൻ പഠിതാക്കളുടെയും ഹാജർ ഉറപ്പ് വരുത്തുന്നു. ഒറ്റപ്പെട്ട ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട വസ്തുതകൾ യഥാസമയം രക്ഷിതാക്കളുമായി ചർച്ചചെയ്യുന്നു. പൂർണ ഹാജർ ഉറപ്പുവരുത്തുന്നു.<br>എസ്.എം.സി.യുടെ നേതൃത്വത്തിൽ വിലയിരുത്തുന്നു. പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുന്നു. |
| 2. പഠിതാക്കളുടെ പങ്കാളിത്തവും ഇടപെടലും. | ക്ലാസ്മുറിയിൽ പഠിതാവ് കേവലം ശ്രോതാവ് മാത്രം. വിദ്യാലയത്തിൽ നിർബന്ധിത വൈജ്ഞാനിക, സഹവൈജ്ഞാനിക പ്രവർത്തനങ്ങൾ മാത്രം സംഘടിപ്പിക്കുന്നു. ഒരേ വിദ്യാർത്ഥികൾ തന്നെയാണ് ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കാറ്. | ക്ലാസ്റൂം പ്രവർത്തനങ്ങളിലും ചർച്ചകളിലും കുറച്ച് പഠിതാക്കൾ സജീവമായി പങ്കെടുക്കുന്നു.<br>വിദ്യാലയം വൈവിധ്യമാർന്ന സഹവൈജ്ഞാനിക പ്രവർത്തനങ്ങളും സാംസ്കാരികപരിപാടികളും സംഘടിപ്പിക്കുകയും കുട്ടികളെ അവയിൽ പങ്കെടുക്കാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. വിദ്യാലയത്തിലെ ഭൂരിഭാഗം കുട്ടികളും ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നു. | എല്ലാ പഠിതാക്കളും ടീച്ചറുമായും സഹപഠിതാക്കളുമായും ഇടപഴകിക്കൊണ്ട് ക്ലാസ്റൂം പ്രവർത്തനങ്ങളിലും ചർച്ചകളിലും സജീവമായി പങ്കെടുക്കുന്നു. വിദ്യാലയം ഓരോ കുട്ടിയുടെയും സഹവൈജ്ഞാനിക മേഖലയിലെ കഴിവുകളെ കണ്ടെത്തുകയും അവയെ പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങളും പരിശീലനങ്ങളും നൽകുകയും ചെയ്യുന്നു.<br>എല്ലാ പഠിതാക്കളും താല്പര്യത്തോടെയും ആവേശത്തോടെയും വിദ്യാലയപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു, ഏറ്റെടുക്കുന്നു.<br>സ്വയംപഠനത്തിലൂടെയും സഹപഠനത്തിലൂടെയും പഠിതാവ് ഗവേഷണതലത്തിലേക്ക് ഉയരുന്നു.<br>പഠിതാവ് സാമൂഹ്യപ്രശ്നങ്ങളോട് പ്രതികരിച്ചുകൊണ്ട് ക്ലാസിൽ അറിവുനിർമാണപ്രക്രിയയിൽ ഏർപ്പെടുകയും അത് സമൂഹത്തിൽ പ്രയോഗിക്കുകയും ചെയ്യുന്നു. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 3. കുട്ടികളുടെ പഠനപുരോഗതി | കുട്ടികളുടെ പഠനപുരോഗതി സംബന്ധിച്ച് ഔപചാരികമായി സൂക്ഷിക്കേണ്ട വിവരങ്ങൾ റിപ്പോർട്ട് കാർഡുകളായും സി.സി.ഇ രേഖകളായും സൂക്ഷിക്കുന്നു. | പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനപുരോഗതി സാധ്യമായിട്ടുണ്ടോ എന്ന് നിരന്തരം വിലയിരുത്തുന്നു. വ്യത്യസ്ത ക്ലാസുകൾക്കും ഗ്രൂപ്പുകൾക്കും ഒരു സഞ്ചിത വിവരശേഖരണ രേഖ സൃഷ്ടിക്കുകയും നവീകരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു. | • ഓരോ കുട്ടിയുടെയും പഠനപുരോഗതി വിഷയബന്ധിതമായി വിലയിരുത്തുന്നു.<br>• പഠനവേഗത, പഠനശൈലി എന്നിവ പരിഗണിച്ചുകൊണ്ട് ഓരോ കുട്ടിയുടെയും പഠനപുരോഗതി ആരംഭം മുതലേ കണ്ടെത്തി രേഖപ്പെടുത്തുന്നു.<br>• പ്രതിമാസ സി.പി.ടി.എ യോഗത്തിൽ വിശകലനം ചെയ്യുന്നു.<br>• വിശകലനം പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങളുടെ ഓരോ ഘട്ടത്തിലും കുട്ടിക്ക് കൈത്താങ്ങ് നൽകുകയും ഉയർന്ന നിലവാരത്തിൽ എത്തിച്ചേരാൻ സഹായിക്കുകയും ചെയ്യുന്നു.<br>• ഒന്നാം ക്ലാസിൽ തുടങ്ങുന്ന പഠനപുരോഗതി രേഖ വർഷാവർഷം നവീകരിച്ച് സ്കൂൾകാലഘട്ടത്തിന്റെ അവസാനം വരെ കൈമാറ്റം ചെയ്യുന്നു. |

<table>
<tr><th rowspan="2">കാമ്പുമാനദണ്ഡം</th><th colspan="3">മാനദണ്ഡവിവരണങ്ങൾ</th></tr>
<tr><th>തലം 1</th><th>തലം 2</th><th>തലം 3</th></tr>
<tr><td>4. പഠിതാവിന്റെ വ്യക്തിപരവും സാമൂഹികവുമായ വികാസം</td><td>പഠിതാക്കൾക്കുണ്ടാകേണ്ട ദേശീയത, സഹിഷ്ണുത, മതനിരപേക്ഷത, പരസ്പരബന്ധം സ്ഥാപിക്കാനുള്ള കഴിവ് മുതലായ വ്യക്തിപരവും സാമൂഹികവുമായ വികാസ സൂചകങ്ങളെക്കുറിച്ച് വിദ്യാലയത്തിന് ധാരണയുണ്ട്.<br><br>പ്രഭാത അസംബ്ലി, ദേശീയ ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിങ്ങനെയുള്ള നിർദിഷ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.</td><td>പഠിതാക്കളുടെ സാമൂഹികവും വ്യക്ത്യന്തരവുമായ നൈപുണികളുടെ വികാസത്തിനായി അധ്യാപകർ ക്ലാസ് മുറിയിൽ സംഘപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br><br>പഠിതാവിന്റെ ഇത്തരം ആവശ്യങ്ങൾക്കായി രക്ഷിതാക്കളുടെയും മറ്റുള്ളവരുടെയും യോഗം വിളിക്കുന്നു.<br><br>ദിനാചരണങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പുകൾ, ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.<br><br>കുട്ടികളിൽനിന്ന് പ്രതീക്ഷിക്കുന്ന പെരുമാറ്റങ്ങൾക്ക് അധ്യാപകർ സ്വയം മാതൃകയാകുന്നു.</td><td>വിദ്യാലയം ദൈനംദിന ക്ലാസ്റൂം പ്രവർത്തനങ്ങളെയും ജീവിതനൈപുണീ വികാസത്തെയും ഉദ്ഗ്രഥിച്ച് സർഗാത്മകത, വിമർശനാത്മകചിന്ത, ശാസ്ത്രബോധം, യുക്തിചിന്ത, തീരുമാനമെടുക്കൽ, ആശയവിനിമയം, കാര്യകാരണബന്ധം കണ്ടെത്തൽ തുടങ്ങിയവയുടെ ഗുണമേന്മ ഉയർത്തുന്നു.<br><br>കഥകൾ, ഓഡിയോ-വീഡിയോ ക്ലിപ്പുകൾ തുടങ്ങിയ വിഭവങ്ങൾ സൃഷ്ടിക്കുകയും ഉപയോഗിക്കുകയും ചെയ്തുകൊണ്ട് അധ്യാപകൻ ഒരു പുതിയ മൂല്യബോധം സൃഷ്ടിക്കുന്നു.<br><br>പഠിതാക്കൾ പി.ടി.എ./സന്നദ്ധസംഘടനകളുടെ സഹായത്തോടെ വിദ്യാലയത്തിനകത്തും പുറത്തും പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കാർഷിക-പാരിസ്ഥിതിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br><br>പഠിതാക്കൾ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായുള്ള കൂട്ടായ്മ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br><br>പഠിതാക്കളിൽ വിശ്വപൗരൻ എന്ന ബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ ബോധപൂർവ്വം സംഘടിപ്പിക്കുന്നു.</td></tr>
</table>

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 5. പഠനനേട്ടം | വളരെക്കുറച്ചു പഠിതാക്കൾ മാത്രം പ്രതീക്ഷിത പഠനനേട്ടം കൈവരിക്കുന്നു. വർഷാന്ത്യത്തിൽ മാത്രം വിദ്യാലയം എല്ലാ കുട്ടികളുടെയും പഠനനേട്ടം ഒന്നിച്ചു വിലയിരുത്തുന്നു. | കുറച്ചു പഠിതാക്കൾ നിശ്ചിത പഠനനേട്ടം കൈവരിക്കുന്നു. ഭൂരിഭാഗം കുട്ടികളും നിശ്ചിത നിലവാരത്തിലും താഴെ മാത്രമാണ് നിലനിൽക്കുന്നത്. നിശ്ചിത നിലവാരം നേടാത്ത പഠിതാക്കൾക്കായി വിദ്യാലയം പരിഹാരബോധന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. അതിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നു. | വിദ്യാലയത്തിലെ ഭൂരിഭാഗം കുട്ടികളുടെയും പഠനനേട്ടം നിശ്ചിത നിലവാരത്തിലോ അതിനു മുകളിലോ ആണ്. എല്ലാ പഠിതാക്കൾക്കും നിശ്ചിത പഠനനേട്ടം കൈവരിക്കാനുള്ള ധാരാളം പ്രവർത്തനങ്ങൾ നിരന്തരമായി ഏറ്റെടുത്തു നടപ്പിലാക്കുന്നു.<br>വിദ്യാലയങ്ങൾക്കിടയിലുള്ള മത്സരപ്പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പഠിതാക്കളുടെ എണ്ണം വർദ്ധിക്കുന്നു.<br>പഠിതാക്കളുടെ പഠനമികവ് സമൂഹവുമായി പങ്കുവയ്ക്കുന്നു. സമൂഹത്തിന്റെ വിശ്വാസ്യത ആർജിക്കുന്നു.<br>പഠിതാക്കളുടെ പഠനമികവുകൾ, സൃഷ്ടികൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു, പ്രസിദ്ധീകരിക്കുന്നു.<br>പഠനത്തെളിവുകൾ, പോർട്ടുഫോളിയോ തുടങ്ങിയവ കൃത്യമായി സൂക്ഷിക്കുകയും പരിശോധനയ്ക്കായി ലഭ്യമാക്കുകയും ചെയ്യുന്നു.<br>കുട്ടികളുടെ സൃഷ്ടികൾ, ഗ്രൂപ്പു പ്രവർത്തനങ്ങളുടെ ഉല്പന്നങ്ങൾ മുതലായവ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നു. |

**വിദ്യാലയ മികവ്**

## തെളിവിടങ്ങൾ

| | |
|---|---|
| **റഫർ ചെയ്യാവുന്ന തെളിവുകൾ (മാനദണ്ഡങ്ങൾ / നിർദേശങ്ങൾ / രജിസ്റ്ററുകൾ / ഉത്തരവുകൾ)** | ➤ RTE Act, 2009: Chapter-V (clause 29 at p. 9) (http://ssa.nic.in/rte-docs/free%20and%20compulsory.pdf)<br>➤ Teachers Manual Formative Assessment ( Science), CBSE (2010) (pp. iii- viii) (http://www.cbse.nic.in/cce/cce-manual/CBSE-FA-Class-IX%20(Science)%20Final.pdf)<br>➤ NCF-2005: Chapter-II (pp. 12-34),& Chapter-IV (pp. 78-100) (http://www.ncert.nic.in/rightside/links/pdf/framework/english/nf2005.pdf) |
| ***വിദ്യാലയങ്ങളിൽ നിന്നു ലഭിക്കുന്ന സഹായക തെളിവുകൾ*** | ➤ പഠിതാക്കളുടെ ഹാജർ പുസ്തകം<br>➤ ദീർഘനാളത്തെ ഹാജരില്ലായ്മയും അവയുടെ തുടർനടപടികളും സംബന്ധിച്ച രേഖകൾ.<br>➤ ദൈനംദിന ഹാജരും കൃത്യനിഷ്ഠയും ഉറപ്പുവരുത്താനുള്ള നടപടികൾ<br>➤ തുടർച്ചയായി ഹാജരാകാത്ത കുട്ടികളുടെ വീടുകളിൽ അധ്യാപകർ നടത്തിയ സന്ദർശനവും രക്ഷിതാക്കളുമായുള്ള ചർച്ചയും.<br>➤ റിപ്പോർട്ട് കാർഡുകൾ, സി.സി.ഇ രജിസ്റ്ററുകൾ, എസ്.ഇ.പി മുതലായവ<br>➤ വിദ്യാലയം നടത്തിയ വിവിധ പരിപാടികളുടെയും ആഘോഷങ്ങളുടെയും പട്ടിക ലോഗ് ബുക്ക്.<br>➤ സഹവൈജ്ഞാനിക മേഖലകളിലെ പ്രവർത്തനങ്ങളിലും കലാകായിക പ്രവർത്തനങ്ങളിലും ഉള്ള പങ്കാളിത്തം.<br>➤ പഠിതാക്കളുടെ നോട്ടുപുസ്തകങ്ങൾ, ഉത്തരക്കടലാസുകൾ, നൽകിയ ഫീഡ് ബാക്കുകൾ, പോർട്ട്ഫോളിയോ, അച്ചടിച്ച സൃഷ്ടികൾ, കൈയെഴുത്തു മാസികകൾ തുടങ്ങിയവയുടെ സാമ്പിളുകൾ.<br>➤ ഓരോ ടേമിന്റെയും അടിസ്ഥാനശേഷിയിന്മേലുള്ള കുട്ടികളുടെ പഠനപുരോഗതി രേഖ.<br>➤ പഠിതാക്കൾക്ക് നൽകിയ ചുമതലാവിഭജന രജിസ്റ്റർ.<br>➤ കരിക്കുലം വിഭാവനം ചെയ്ത ജീവിതനൈപുണി, മൂല്യബോധം എന്നിവയുടെ വിവരങ്ങൾ/ടൈംടേബിൾ.<br>➤ വിലയിരുത്തൽരേഖകളുടെ സഞ്ചിതവിശകലനം.<br>➤ പഠിതാക്കളുടെ നിലവാരവുമായി ബന്ധപ്പെട്ട് രക്ഷിതാക്കളുമായി നടത്തിയ ചർച്ചകളുടെ രേഖ-ക്ലാസ്സ് പി.ടി.എ മിനുട്സ്.<br>➤ വിദ്യാർത്ഥികളുടെ ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ (സി.ഡി.) |

**വിദ്യാലയങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ട രേഖകൾ :**

- പ്രതിവാര ബാലസഭ സാഹിത്യവേദികളിൽ കുട്ടികളുടെ ഊഴമിട്ടുള്ള പങ്കാളിത്തം.
- എല്ലാ വിദ്യാർഥികളുടെയും പങ്കാളിത്തത്തോടെയുള്ള സ്കൂൾ വാർഷികം-മികവുത്സവം.

## നൂതനാശയപ്രയോഗങ്ങൾ

***വിദ്യാലയത്തിന്റെ ഈ മുഖ്യമേഖലയിലുൾപ്പെടുന്ന, നൂതനാശയപ്രയോഗങ്ങൾ ഇവിടെ രേഖപ്പെടുത്തുക***

# പ്രതികരണ പത്രിക

പഠനപുരോഗതി, പഠനനേട്ടം, വികാസം
(കൂട്ടായി ആലോചിച്ചു നിശ്ചയിച്ച തലങ്ങൾ ✓ ചെയ്യുക)

| കാമ്പുമാനദണ്ഡം | തലം 1 | തലം 2 | തലം 3 |
|---|---|---|---|
| **1. പഠിതാവിന്റെ ഹാജർ** | | | |
| **2. പഠിതാവിന്റെ പങ്കാളിത്തവും ഇടപെടലും** | | | |
| **3. പഠനപുരോഗതി** | | | |
| **4. പഠിതാവിന്റെ വ്യക്തിപരവുംപരവുമായ വികാസം** | | | |
| **5. പഠനനേട്ടം** | | | |

## മെച്ചപ്പെടുത്താനുള്ള ആസൂത്രണം

| കാമ്പു മാനദണ്ഡങ്ങൾ | തലം (1/2/3) | മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ | മെച്ചപ്പെടേണ്ട കാര്യങ്ങളുടെ മുൻഗണനാക്രമം (കുറഞ്ഞത്/മധ്യമം/കൂടിയത്) ✓ ചെയ്യുക. | | | മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങൾ | സമയക്രമം (അനുയോജ്യമായ വർഷം) ✓ ചെയ്യുക) | | |
|---|---|---|---|---|---|---|---|---|---|
| | | | L | M | H | | Y-1 | Y-2 | Y-3 |
| 1 പഠിതാവിന്റെ ഹാജർ | | | | | | | | | |
| 2 പഠിതാവിന്റെ പങ്കാളിത്തവും ഇടപെടലും | | | | | | | | | |
| 3 പഠനപുരോഗതി | | | | | | | | | |

## മെച്ചപ്പെടുത്താനുള്ള ആസൂത്രണം

| കാമ്പു മാനദണ്ഡങ്ങൾ | തലം (1/2/3) | മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ | മെച്ചപ്പെടേണ്ട കാര്യങ്ങളുടെ മുൻഗണനാക്രമം (കുറഞ്ഞത്/മധ്യമം/കൂടിയത്) ✓ ചെയ്യുക. | | | മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങൾ | സമയക്രമം (അനുയോജ്യമായ വർഷം) ✓ ചെയ്യുക | | |
|---|---|---|---|---|---|---|---|---|---|
| | | | L | M | H | | Y-1 | Y-2 | Y-3 |
| **4 പഠിതാവിന്റെ വ്യക്തിപരവും സാമൂഹികവുമായ വികാസം.** | | | | | | | | | |
| **5 പഠനനേട്ടം** | | | | | | | | | |